പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3749 — 19.03.2018-ൽ മറുപടിക്ക്

## ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിലെ ചെറുപാലങ്ങൾ

### ചോദ്യം

ശ്രീ. തോമസ് ചാണ്ടി

ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ സ്ഥിരമായി വാഹന അപകടം സംഭവിച്ചുകൊണ്ടിരിക്കുന്ന ചെറുപാലങ്ങൾ വീതി കൂട്ടി നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

### മറുപടി

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പ് മന്ത്രി)

ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് കെ.എസ്.റ്റി.പി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. അതിനുശേഷം രണ്ടാം ഘട്ടത്തിൽ ഉപരിതലം പുതുക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി 2012-ൽ പ്രസ്തുത റോഡ് കെ.എസ്.റ്റി.പി ഏറ്റെടുത്തിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ ഈ റോഡിലെ പാലങ്ങളുടെ വീതി കൂട്ടൽ ഉൾപ്പെടുത്തിയിരുന്നില്ല. 3/2013-ൽ പൂർത്തിയാക്കിയ ഉപരിതലം പുതുക്കുന്ന പ്രവൃത്തിയുടെ മെയിന്റനൻസ് കാലാവധി 3/2019-ലാണ് അവസാനിക്കുന്നത്. പ്രസ്തുത മെയിന്റനൻസ് കാലാവധിക്കകത്തുള്ള റോഡ് മെയിന്റനൻസ് മാത്രമേ കരാറുകാരനെക്കൊണ്ട് ചെയ്യിപ്പിക്കുന്നതിന് വ്യവസ്ഥയുള്ളൂ. പ്രസ്തുത റോഡിലെ ചെറുപാലങ്ങൾ വീതി കൂട്ടുന്ന പ്രവൃത്തി നിലവിൽ കെ.എസ്.റ്റി.പി വഴി ഏറ്റെടുത്ത് നടത്തുന്നില്ല. എന്നാൽ കരാറുകാർ തക്കസമയത്ത് അറ്റകുറ്റപ്പണികൾ നടപ്പാക്കിയിട്ടില്ല. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ മണ്ഡലം കൂടി വരുന്ന ഈ റോഡിൽ അദ്ദേഹം പല തവണ പരിശോധന നടത്തി. തുടർന്ന് 6 മാസങ്ങളായി നല്ല നിലയിൽ റോഡ് അറ്റകുറ്റപ്പണി നടത്തി ഭദ്രമാക്കിയിരുന്നു. കരാറുകാരന് നോട്ടീസ് നൽകിയിരുന്നു. എ.സി. റോഡ് സുപ്രധാന റോഡായതിനാൽ വീതി കൂട്ടി പാലങ്ങൾ ഉൾപ്പെടെ പുനർനിർമ്മിക്കുന്ന പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു.

S. Bindu

സെക്ഷൻ ഓഫീസർ